ഉത്തരം

(എ) കേരളത്തിലെ എല്ലാ നദികളിലും മണൽ വാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 1993 മുതൽ ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു.

(സി, ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

ലോകബാങ്ക് സഹായത്തോടെ റോഡ് വികസന പദ്ധതി

107 [1333] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, പി. ജയരാജൻ:

,, പി. സി. ജോർജ്:

,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കി വരുന്ന റോഡ് വികസന പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധനാ ചുമതലയിൽ നിന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധനാ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ കൺസൾട്ടന്റിന്റെ ചുമതലകൾ എന്തെല്ലാം; ആർക്കാണ് നൽകിയിട്ടുള്ളത്; കൺസൾട്ടൻസി ഫീസ് എത്ര എന്നിവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 1. കേന്ദ്ര ഗവൺമെന്റിന്റെ ഉപരിതല ഗതാഗതവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിലാണ് പണികൾ ക്രമീകരിച്ചിട്ടുള്ളത്.

2. ഏറ്റവും നൂതനമായ സാങ്കേതിക വിദ്യയും യന്ത്രസംവിധാനങ്ങളും ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. പദ്ധതിക്കാവശ്യമായ നിർമ്മാണ പദാർത്ഥങ്ങൾ മുതൽ പണി തീർന്നു കഴിഞ്ഞ റോഡുവരെ വിവിധ ഘട്ടങ്ങളിൽ പരിശോധനാവിധേയമാക്കുന്നു.

(ബി) ഇല്ല.

(സി) പൊതുമരാമത്ത് വകുപ്പിന്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുക, ഇവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നിവയാണ് പ്രധാന ചുമതലകൾ. കൺസൾട്ടന്റിന്റെ ചുമതലകൾ, നൽകിയ ഏജൻസിയുടെയും നൽകിയ ഫീസിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു:

നിർമ്മാണ പ്രവൃത്തി	*ഏജൻസിയുടെ പേര്*	*നൽകിയ ഫീസ്*
അപ്ഗ്രഡേഷൻ ഫേസ് 1	റൈറ്റ്സ്	10 കോടി രൂപ
ഹെവിമെയിന്റനൻസ് 1-ാം വർഷം (50%)	1. ഐ. സി. റ്റി. & ലാസ	2 കോടി രൂപ
(50%)	2. പി. ഡബ്ല്യു. ഡി.	. .
ഹെവി മെയിന്റനൻസ് 2-ാം വർഷം	പി. ഡബ്ല്യു. ഡി.	. .
ടെക്നിക്കൽ ആഡിറ്റിംഗ്	ഐ. സി. റ്റി.	1 കോടി രൂപ

കെ. എസ്. ടി. പി.-ക്ക് ലോകബാങ്കിൽ നിന്നും ലഭിച്ച സഹായം

108 [1334] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ലൂഡി ലൂയിസ്:
,, കെ. മുഹമ്മദാലി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിനുവേണ്ടി ലോകബാങ്കിൽ നിന്നും എന്തു തുക ലഭ്യമായി;

LIBRARY ARCHIVES Kerala Legislative Assembly